# മുഹർറം, അല്ലാഹുവിന്റെ മാസം

പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് അല്ലാഹുവാണ്. ഭൂമിയും ആകാശവും സൂര്യ, ചന്ദ്ര, നക്ഷത്രാദികളും മനുഷ്യ, മൃഗ, പക്ഷി, മത്സ്യ, പ്രാണികളാദി ജീവജാലങ്ങളും സചേതനവും അചേതനവുമായ മുഴുവൻ വസ്തുക്കളും സൃഷ്ടികളിൽപെടുന്നു. കാലവും സമയവുമെല്ലാം അല്ലാഹു സൃഷ്ടിച്ചവ തന്നെ. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഇവയെല്ലാം തന്റെ സൃഷ്ടിയെന്ന നിലക്ക് സമമാണെങ്കിലും, സൃഷ്ടികളുമായി ബന്ധപ്പെടുത്തിക്കൊ് ചിലതിന് ചിലതിനേക്കാൾ സ്ഥാനമഹിമകൾ അവൻ നൽകിയിട്ടു്. യുഗങ്ങൾ തമ്മിൽ പോലും പദവിയുടെ കാര്യത്തിൽ അന്തരമുള്ളതായി നബി(സ്വ) പറയുന്നു. ''ഉത്തമ തലമുറ എന്റെ കാലക്കാരാണ്. പിന്നെ അവരോട് അടുത്തവരും ശേഷം അവരോട് തുടർന്നു വരുന്നവരും'' (ബുഖാരി, മുസ്ലിം). മാസങ്ങൾക്കിടയിലും വിവിധ ദിവസങ്ങൾക്കിടയിലും സ്ഥാനവ്യത്യാസമുന്നെ് ഖുർആൻ, ഹദീസുകളിൽ കാണാം. വിശുദ്ധ റമളാൻ ഖുർആൻ അവതരിച്ചതിന്റെയും പാപമോചനത്തിന്റെ യും മാസമെന്ന നിലയിൽ പവിത്രമായതുപോലെ, റബീഉൽ അവ്വൽ നബി(സ്വ)യുടെ ജന്മമാസമെന്ന നിലയിൽ പുണ്യമേറിയതാണ്.

''ജാഹിലിയ്യാ കാലത്തും തുടർന്ന് ഇസ്ലാമിലും ശാന്തിയുടെ മാസങ്ങളായി അംഗീകരിക്കപ്പെട്ടുപോന്ന മുഹർറം, റജബ്, ദുൽഖഅ്ദഃ, ദുൽഹിജ്ജ എന്നീ നാലു മാസങ്ങളിൽ ഏറ്റവും പ്രാധാന്യം മുഹർറം മാസത്തിനാണ്. അതുകൊാണ്, യുദ്ധം പാടില്ലാത്തവ നാലുായിട്ടും 'യുദ്ധം പാടില്ലാത്തത്' എന്നർഥം വരുന്ന 'അൽ മുഹർറം' എന്ന പേര് പ്രസ്തുത മാസത്തിന് മാത്രം നൽകപ്പെട്ടത്. മുഹർറം മാസത്തിൽ ഏറ്റവും കൂടുതൽ അച്ചടക്കവും സമാധാനാന്തരീക്ഷവും അനുസരണവും പ്രകടിപ്പിക്കേത് അത്യാവശ്യമാണെന്ന് ഈ നാമകരണം തന്നെ സൂചിപ്പിക്കുന്നു'' (തുഹ്ഫ:8/453, നിഹായ:7/300).
നബി(സ്വ) പറയുന്നു: ''മുഹർറം തീർച്ചയായും അല്ലാഹുവിന്റെ മാസമാകുന്നു''(തുർമുദി). ''അല്ലാഹുവിന്റെ മാസം മുഹർറം ആണ്''(മുസ്ലിം). ''അല്ലാഹുവിന്റെ ശബ്ദരഹിതമായ മാസമാണ് മുഹർറം. എന്തെന്നാൽ, മുഹർറം മാസത്തിൽ ആയുധങ്ങളുടെ മുഴക്കം കേൾക്കുന്നതല്ല''(ഗാലിയത്ത്:2/85). ''മുഹർറം മാസത്തിന്റെ പ്രത്യേക ബഹുമാനവും അത്യുന്നത പദവിയും പഠിപ്പിക്കാൻ വേിയാണ് പ്രസ് തുത മാസത്തെ þ'ശഹ്റുല്ലാഹി'(അല്ലാഹുവിന്റെ മാസം) എന്ന് വിളിക്കപ്പെടുന്നതെന്ന് ഇമാം അബൂ ഉബൈദ്(റ) പറഞ്ഞിട്ടു്'' (ഗാലിയതുൽ മവാഇള്:2/85).

നല്ല നാളുകളിൽ സത്കർമ്മങ്ങൾ വർദ്ധിപ്പിക്കുകയാണ് ഇസ്ലാമിക തത്വം. അതിനാൽ, റമളാൻ ഉൾപ്പെടെയുള്ള പുണ്യമാസങ്ങളിലും ദിവസങ്ങളിലുമെല്ലാം സത്കർമ്മങ്ങൾ വർദ്ധിപ്പിക്കാൻ നബി(സ്വ) പ്രത്യേ കം പ്രത്യേകമായി നിർദ്ദേശിച്ചത് ഹദീസ് ഗ്രന്ഥങ്ങളിൽ ധാരാളമായി കാണാം. രു പെരുന്നാൾ ദിനങ്ങളും അയ്യാമുത്തശ്രീഖുമല്ലാത്ത മുഖ്യ പുണ്യദിനങ്ങളെയും സമുചിതമായി ആദരിക്കാനുള്ള മാർഗമായി നബി(സ്വ) നിർദ്ദേശിച്ചത് പ്രധാനമായും വ്രതാനുഷ്ഠാനമാണ്. റമളാനിൽ നിർബന്ധ വ്രതാനുഷ് ഠാനം കൽപിക്കപ്പെട്ടെങ്കിൽ മറ്റു പുണ്യദിനങ്ങളായ അറഫ, ആശൂറാഅ്, മിഅ്റാജ് പോലോത്ത ചരിത്രപ്രധാനവും സംഭവബഹുലവുമായ ദിനങ്ങളിലും നബി(സ്വ)യുടെ ജനനം കൊ് അനുഗ്രഹീതമായ തിങ്കളാഴ്ചകളിലും മറ്റും സുന്നത്തു നോമ്പുകൾ അനുഷ്ഠിക്കാൻ നിർദ്ദേശങ്ങളുായി. മഹനീയ ദിനങ്ങളിലെ പുണ്യാരാധനകളിൽ പ്രധാനമായത് വ്രതാനുഷ്ഠാനമാണെന്ന് ഇതിൽ നിന്ന് തെളിയുന്നു. ആഴ്ചതോറുമുള്ള വിശേഷദിനമായ വെള്ളിയാഴ്ചകളിൽ പ്രത്യേകമായ നോമ്പ് നിർദ്ദേശിക്കപ്പെട്ടിട്ടില്ല. അതിനാൽ, നോമ്പ് നിർദ്ദേശിക്കപ്പെട്ട മറ്റെന്തെങ്കിലും കാരണം വെള്ളിയാഴ്ചകളിലാവുകയോ, തുടർച്ചയായി ചെയ്തുവരുന്നതിന്റെ ഭാഗമായി വെള്ളിയാഴ്ച ഉൾപ്പെടുകയോ ചെയ്താലല്ലാതെ, വെള്ളിയാഴ്ചയെന്ന നിലയിൽ അന്നുമാത്രം വ്രതമനുഷ്ഠിക്കൽ കറാഹത്താണെന്ന് തുഹ്ഫ:3/458, നിഹായ:3/203 എന്നീ ഗ്രന്ഥങ്ങളിൽ നിന്ന് സുതരാം വ്യക്തമാണ്.

മുഹർറം മാസത്തിലും വ്രതാനുഷ്ഠാനം സുന്നത്താണ്. അലി(റ) പറയുന്നു: ''ഒരാൾ നബി(സ്വ)യുടെ സമീപത്തു വന്ന് ചോദിച്ചു. റമളാനിനു ശേഷം ഏതു മാസമാണ് നോമ്പെടുക്കാൻ എന്നോട് നിങ്ങൾ നിർദ്ദേശിക്കുന്നത്? നബി(സ്വ) പറഞ്ഞു: മുഹർറം തന്നെ. അതാണല്ലോ അല്ലാഹുവിന്റെ മാസം''(തിർമിദി).

അബൂഹുറയ്റ(റ) പറയുന്നു: ''റമളാന്‍ കഴിഞ്ഞാല്‍ നോമ്പുകള്‍ക്ക് വിശേഷം അല്ലാഹുവിന്റെ മാസമായ മുഹര്‍റം ആകുന്നുവെന്ന് നബി(സ്വ) പറഞ്ഞിട്ടു്''(മുസ്‌ലിം). ''യുദ്ധം നിരോധിക്കപ്പെട്ടിരുന്ന നാലു മാസങ്ങളാണ്, റമളാന്‍ കഴിഞ്ഞാല്‍ മറ്റു മാസങ്ങളില്‍ വെച്ച് നോമ്പിന് ഏറ്റവും ശ്രേഷ്ഠമായത്. ഇവയില്‍ പ്രഥമസ്ഥാനം മുഹര്‍റം മാസത്തിനും പിന്നെ റജബ് മാസത്തിനും ശേഷം ദുല്‍ഹിജ്ജഃ മാസത്തിനും അതുകഴിഞ്ഞാല്‍ ദുല്‍ഖഅ്ദഃ മാസത്തിനുമാണ്'' (ഫത്ഹുല്‍ മുഈന്‍: 204).
മുഹര്‍റം മുഴുവന്‍ നോമ്പനുഷ്ഠിക്കല്‍ സുന്നത്താണ്. ''മുഹര്‍റമിലെ ഓരോ ദിവസത്തെ നോമ്പിനും മുപ്പത് സാധാരണ ദിവസങ്ങളിലെ നോമ്പുകളുടെ പ്രതിഫലമു്'' (ഹദീസ്–þത്വബ്റാനീ).

മുഹര്‍റമില്‍ തന്നെ ആദ്യത്തെ പത്ത് ദിനങ്ങള്‍ക്ക് കൂടുതല്‍ പദവിയു്. വിശുദ്ധ ഖുര്‍ആനില്‍ ''വല്‍ ഫജ്‌രി വലയാലിന്‍ അശ്‌രിന്‍'' എന്ന പ്രയോഗത്തിലെ പത്തു രാത്രികള്‍ മുഹര്‍റം മാസത്തിലെ ആദ്യ ത്തെ പത്താണെന്ന് ചില മുഫസ്സിറുകള്‍ പറയുന്നു (അല്‍ മദാരിക്:4/353, കലാന്‍:498). ഈ അഭിപ്രായം ധാരാളം മുഫസ്സിറുകള്‍ക്കു് (ഗാലിയതുല്‍ മവാഇള്:2/85).
ഈ അഭിപ്രായപ്രകാരം, മുഹര്‍റമിലെ ആദ്യത്തെ പത്തു രാത്രികളെ എടുത്തു പറഞ്ഞുകൊ് അല്ലാഹു സത്യം ചെയ്തിരിക്കുകയാണല്ലോ. എന്തെങ്കിലും പ്രാധാന്യമുള്ളതിനെയാണ് സത്യം ചെയ്തു പറയാന്‍ അല്ലാഹു വിശുദ്ധ ഖുര്‍ആനില്‍ ഉപയോഗിക്കാറുള്ളതെന്ന് മഹാന്മാര്‍ പറയുന്നു. ''അല്ലാഹു അവന്റെ സൃഷ്ടികളില്‍പ്പെട്ട ഏതെങ്കിലും കാര്യത്തെ ആദരിക്കണമെന്ന് ഉദ്ദേശിച്ചാല്‍ അതിനെ എടുത്ത് പറഞ്ഞ് അവന്‍ സത്യം ചെയ്യാറു്'' (ഫത്ഹുല്‍ ബാരി:14/339). അതിനാല്‍ മുഹര്‍റം മാസത്തിലെ ആദ്യത്തെ പത്തു നാളുകള്‍ക്ക് അല്ലാഹു പ്രാധാന്യം കല്‍പിച്ചിട്ടു്. ''മുസ്‌ലിംകള്‍ പുപവ ആദരിക്കുന്ന മൂന്നു പത്തുകളു്. റമളാനിന്റെ ഒടുവിലത്തെയും ദുല്‍ഹിജ്ജഃ, മുഹര്‍റം മാസങ്ങളിലെ ആദ്യത്തെയും പത്തു നാളുകള്‍''(ഗാലിയത്ത്:2/86). ''മുഹര്‍റം മാസത്തിലെ ആദ്യത്തെ പത്തു ദിവസം നോമ്പെടുക്കല്‍ സുന്നത്തു്'' (ഫത്ഹുല്‍ മുഈന്‍:204, ഖല്‍യൂബീ:2/73, നിഹായ:3/201,202, ശര്‍വാനീ:3/456, ഇബ്നു ഖാസിംþ–ഹാശിയതുത്തുഹ്ഫ:3/456).

END